**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ പ്രസരണ നഷ്ടം എത്ര ശതമാനമാണെന്നും ഇത് ദേശീയ ശരാശരിയെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിലെ പ്രസരണ മേഖലയിൽ 33 കെ.വി ഒഴികെയുള്ള ശൃംഖലയുടെ പ്രസരണ നഷ്ടം 3.85 ശതമാനമായി നിശ്ചയിച്ചിരിക്കുന്നു. ഇതുമായി താരതമ്യം ചെയ്യുന്നതിന് ദേശീയ തലത്തിലുള്ള ശരാശരി കണക്കുകൾ ലഭ്യമല്ല. |
| (ബി) | പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി, വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, കാലപ്പഴക്കം ചെന്നതും കാര്യക്ഷമത കുറഞ്ഞതുമായ ഉപകരണങ്ങളും യന്ത്രസാമഗ്രികളും മാറ്റി ഊർജ്ജ ക്ഷമത കൂടിയവ സ്ഥാപിക്കുക മുതലായ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി ലൈൻ നിർമിച്ച എച്ച്.റ്റി/എൽ.റ്റി അനുപാതം കുറയ്ക്കുക, നിലവിലുള്ള ചാലക ശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ